അതിന്റെ വിശദമായ കണക്ക് ശേഖരിച്ചിട്ടേ പറയാൻ കഴിയൂ. കേന്ദ്ര ഗവൺമെൻറിൽനിന്ന് . എത്ര ലഭിച്ചുവെന്ന് പറഞ്ഞു. എന്തുമാത്രം ചെലവായിയെന്ന കണക്ക് ശേഖരിച്ചിട്ടേ പറയാൻ കഴിയൂ.

ശ്രീ. പി.ബി. ആർ. പിള്ള: താലൂക്ക് ആഫീസുകളിൽ സ്ഥിരമായി ലിസ്റ്റ് തയ്യാറാക്കിവച്ചിട്ടുണ്ടെന്നും ഈ പ്രാവശ്യവും ആലിസ്റ്റ് തന്നെയാണ് പ്രയോഗിച്ചതെന്നും അതുമൂലം പല പഞ്ചായത്തുകളിലും അർഹതയുള്ളവർക്ക് ലഭിച്ചിട്ടില്ലെന്നുമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ അതേപ്പറ്റി അന്വേഷിക്കാൻ കളക്ടർക്ക് വിട്ടുകൊടുത്തുവെന്നു പറഞ്ഞു. താലൂക്ക് ആഫീസിൽനിന്ന് അപ്രൂവ് ചെയ്ത ലിസ്റ്റ് പുനഃപരിശോധിക്കാൻ കളക്ടർക്കു അയച്ചുകൊടുത്താൽ നീതിപൂർവ്വമായി നടക്കാൻ സാധ്യതയില്ല. പല ജില്ലകളിലും റേഷൻകടകളിൽ ലഭിച്ചിരുന്ന തുണിയാണ് അരിക്ക് പകരമായിട്ട് കൊടുത്തതെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ?

ശ്രീ. കെ. പങ്കജാക്ഷൻ: താലൂക്ക് ആഫീസിൽ ലിസ്റ്റ് ഉണ്ടോയെന്ന് എനിക്ക് അറിയില്ല. എന്തായാലും കളക്ടർമാർക്ക് കർക്കശമായ നിർദ്ദേശം നൽകിയിരുന്നു. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് ഈ സഹായം ലഭ്യമാക്കണം. അതനുസരിച്ച് ലഭ്യമാക്കുന്നതിന് ഗവൺമെൻറ് നടപടിസ്വീകരിച്ചിട്ടുണ്ട്. ചില പ്രദേശങ്ങളിൽ വിട്ടുപോയിട്ടുണ്ടെന്ന് പരാതി ലഭിച്ചതിനെത്തുടർന്ന് കളക്ടർമാർക്ക് നടപടിസ്വീകരിക്കാനായി അയച്ചുകൊടുത്തു.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പർച്ചേസ് ടാക്സ്മൂലം കയർ-ചൂടി വ്യവസായത്തിലുളവായിട്ടുള്ള പ്രതിസന്ധി

* 454 [478] ശ്രീ. പി. കെ. ശങ്കരൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറുമതി ചെയ്യുന്ന ചൂടിക്ക് എക്സ്പോർട്ട് ഡ്യൂട്ടി 15 ശതമാനവും പർച്ചേസ് ടാക്സ് 20 ശതമാനവും ഈടാക്കേണ്ടതില്ലെന്ന് കേന്ദ്രഗവൺമെൻറ് തീരുമാനിച്ചിട്ടും സ്റ്റേറ്റ്സ് ഗവൺമെൻറ് പർച്ചേസ് ടാക്സ് വസൂൽചെയ്യുന്നതുമൂലം കയർ-ചൂടി വ്യവസായത്തിലുളവായിട്ടുള്ള പ്രതിസന്ധി ഒഴിവാക്കാൻ ഗവൺമെൻറ് തയ്യാറാകുമോ;

(ബി) ഇതുസംബന്ധിച്ച് ഗവൺമെൻറിനു വ്യവസായ-വ്യാപാര സംഘടനകളിൽനിന്നും ലഭിച്ചിട്ടുള്ള പരാതികളിൻമേൽ എന്തു തീരുമാനമാണ് എടുത്തത്;

(സി) തീരുമാനമൊന്നും എടുത്തിട്ടില്ലെങ്കിൽ പർച്ചേസ് ടാക്സിൽനിന്നും ഇതൊഴിവാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) കയർ-ചൂടിക്ക് രണ്ടുശതമാനം വിൽപ്പന നികുതിയാണ് ചുമത്തുന്നത്. നാമമാത്രമായ ഈ നികുതി കയർ-ചൂടി വ്യവസായത്തിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടെന്ന് ഗവൺമെൻറ് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) ചൂടി വിൽപ്പനനികുതിയിൽനിന്നും ഒഴിവാക്കണമെന്ന് ഗവൺമെൻറ് കരുതുന്നില്ല.

ലോ കോളേജുകളിലെ പാർട്ട്ടൈം ലക്ചർമാർ

*455 [479] ശ്രീ. സി. വാസുദേവമേനോൻ:

,, പിണറായി വിജയൻ:

,, പി. ആർ. ശിവൻ:

,, എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെൻറ് ലാ കോളേജുകളിൽ എത്ര പാർട്ട്ടൈം ലക്ചർമാർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരിൽ പട്ടികജാതി–പട്ടിക വർഗ്ഗത്തിൽ പെട്ടവർ ആരെങ്കിലും ഉണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര;

(ഡി) ഇല്ലെങ്കിൽ എന്തുകാരണത്താലാണെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) എട്ട്. (8)

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) നിലവിലുണ്ടായിരുന്ന നിയമം വച്ച് കമ്മിറ്റി തെരഞ്ഞെടുത്തതിൽ പട്ടികജാതി–പട്ടിക വർഗ്ഗക്കാർ ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോഴത്തെ നിയമം മാറ്റി സംവരണതത്വം പാലിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ശമ്പളം കിട്ടുന്നില്ലെന്ന പരാതി

*456 [480] ശ്രീ. പി. പി. എസ്തോസ്:

,, ചടയൻ ഗോവിന്ദൻ:

,, എൻ. സുബ്രഹ്മണ്യ ഷേണായ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ലൈബ്രറീസ് അതോറിറ്റിയുടെ കീഴിലുള്ള ജീവനക്കാർക്ക് ശമ്പളം കൃത്യമായിട്ടു കിട്ടുന്നില്ലെന്നുള്ള സ്ഥിതി വിശേഷം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര മാസത്തെ ശമ്പള കുടിശ്ശിക ഉണ്ടെന്നും ആയതു കൊടുക്കാനുള്ള വിഷമമെന്തെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly